(ബി) തസ്തിക നിർണ്ണയത്തിനുശേഷമേ സ്റ്റാഫ് പാറ്റേൺ നിർണ്ണയിക്കാൻ കഴിയുകയുള്ളൂ. പുതുതായി അനുവദിച്ച സ്കൂളുകളിലെ തസ്തിക നിർണ്ണയം ഇതുവരെയും പൂർത്തിയായിട്ടില്ല.

(സി)

സ്കൂളിന്റെ പേര്	കോഴ്സ് കോഡ് നമ്പർ	ബാച്ചുകളുടെ എണ്ണം
അറവുകാട് എച്ച്.എസ്.എസ്. പുന്നപ്ര	42	1
എസ്.എൻ.എം.എച്ച്.എസ്.എസ്., പുറക്കാട്	5	1

(ഡി) ഉണ്ട്. 2013-14 അധ്യയന വർഷം ഹയർ സെക്കണ്ടറി കോഴ്സ് അനുവദിച്ച എല്ലാ സ്കൂളുകളിലും ദിവസവേതന അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി നിയമിക്കാവുന്നതാണ്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി

84 (3819) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകളിലാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് ;

(ബി) അസാപ് നടപ്പാക്കിയിട്ടുള്ള സ്കൂളുകളിൽ എന്തെല്ലാം സൗകര്യങ്ങൾ കൂടുതലായി അനുവദിച്ചിട്ടുണ്ട് ;

(സി) ഇതിന്റെ ഭാഗമായി ഏതെല്ലാം കോഴ്സുകൾ നടത്തുന്നു ;

(ഡി) പ്രസ്തുത കോഴ്സുകൾക്ക് വേണ്ട അദ്ധ്യാപകരെ എപ്രകാരമാണ് നിയമിച്ചിട്ടുള്ളതെന്നും അവരുടെ വേതനഘടനയും വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) താഴെപ്പറയുന്ന സ്കൂളുകളിലാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

1. ഗവ. എച്ച്.എസ്.എസ്., കഴിമതിക്കാട്.
2. സെയിന്റ്, ഗ്രിഗോറിയസ് കോളേജ്, കൊട്ടാരക്കര.
3. ഡി.വി.എൻ.എസ്.എസ്.എച്ച്.എസ്.എസ്.പൂവറ്റൂർ.
4. സെയിന്റ്, ഗ്രിഗോറിയസ് എച്ച്.എസ്.എസ്., കൊട്ടാരക്കര.
5. ഗവ. ബോയ്സ്. എച്ച്.എസ്.എസ്., കൊട്ടാരക്കര.
6. എ.ഇ.പി.എം.എച്ച്.എസ്.എസ്., ഇരുമ്പനങ്ങാട്.
7. ഗവ. എച്ച്.എസ്.എസ്., കളക്കട.
8. ഗവ. എച്ച്.എസ്.എസ്. മുട്ടറ.
9. ഗവ. എച്ച്.എസ്.എസ്., പുത്തൂർ.
10. കെ.ആർ.ജി.പി.എം.എച്ച്.എസ്.എസ്., ഓടനാവട്ടം.

(ബി) കൊട്ടാരക്കര ഗവ. ബോയ്സ് എച്ച്.എസ്.എസ്. സ്കൂളിനെ അസാപ്പിന്റെ സ്കിൽ ഡവലപ്മെന്റ് സെന്ററായി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂളിൽ അസാപ്പിന് വിട്ടുതന്നിട്ടുള്ള ക്ലാസ് മുറികൾ സ്കിൽ ട്രെയിനിംഗിന് ഉപയോഗിക്കത്തക്ക തരത്തിൽ അപ്ഗ്രേഡ് ചെയ്തു. വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി കമ്പ്യൂട്ടർ ലാബ് സജ്ജീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ലഘുഭക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. ദൂരെ സ്ഥലങ്ങളിൽ നിന്നും വരുന്ന കുട്ടികൾക്ക് യാത്രാബത്തയും നൽകുന്നുണ്ട്.

(സി) താഴെപ്പറയുന്ന കോഴ്സുകളാണ് നടത്തുന്നത്.

1. സർട്ടിഫിക്കറ്റ് ഇൻ റീടെയിൽ സെയിൽസ് അസോസിയേറ്റ്.
2. സർട്ടിഫിക്കറ്റ് ഇൻ കസ്റ്റമർ കെയർ എക്സിക്യൂട്ടീവ്.
3. സർട്ടിഫിക്കറ്റ് ഇൻ 3 ഡി മോഡലിംഗ് ആന്റ് ടെക്സ്റ്ററിംഗ് ഫോർ ആനിമേഷൻ ഫിലിംമേക്കിംഗ്.
4. സർട്ടിഫിക്കറ്റ് ഇൻ ഫുഡ് ആന്റ് ബിവറേജസ് സർവ്വീസസ്.
5. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പി.സി. ഹാർഡ്വെയർ ആന്റ് നെറ്റ് വർക്കിംഗ്
6. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ മെഷിനിസ്റ്റ്.

7. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പ്ലംമ്പിംഗ് അപ്രന്റീസ് പ്രോഗ്രാം.
8. സർട്ടിഫിക്കറ്റ് ഇൻ ഫീൽഡ് ടെക്നീഷ്യൻ ആന്റ് എ.സി.
9. സർട്ടിഫിക്കറ്റ് ഇൻ മൃച്വൽ ഫണ്ട് ഏജന്റ്
10. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ സ്റ്റൈലിംഗ് ആന്റ് ഡ്രസ്സിംഗ് വിമൻസ് ഹെയർ.

(ഡി) ഓരോ കോഴ്സുമായി ബന്ധപ്പെട്ട വ്യവസായ പങ്കാളികളുമായി അസാപ് കരാർ ഒപ്പ് വച്ചിട്ടുണ്ട്. പ്രസ്തുത വ്യവസായ പങ്കാളികളുടെ വിദഗ്ധരായ പരിശീലകർ ആണ് വിദ്യാർത്ഥികൾക്ക് സ്കിൽ കോഴ്സുകളിൽ പരിശീലനം നൽകുന്നത്. കോഴ്സ് നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവ് വ്യവസായ പങ്കാളികൾക്ക് അസാപ് നൽകുക. ഈ സാഹചര്യത്തിൽ വ്യവസായ പങ്കാളികളുടെ പരിശീലകർക്ക് അവരാണ് വേതനം നൽകുന്നത്. കൂടാതെ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ബേസിക് ഐ.റ്റി. എന്നീ കോഴ്സുകളിൽ പരിശീലനം നൽകുന്നത് അസാപ്പിന്റെ കീഴിലുള്ള കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള സ്കിൽ ഡവലപ്മെന്റ് എക്സിക്യൂട്ടീവുകൾ ആണ്. സ്കിൽ എക്സിക്യൂട്ടീവിന് മണിക്കൂറിൽ 500 രൂപ വേതനമായി നൽകുന്നു.

മലപ്പുറത്തെ ശ്രീമതി ഷഹന ആസിഫയുടെ അപേക്ഷ

85 (3820) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മേൽമുറി എ.എം.ഇ.ടി. സ്കൂളിലെ അദ്ധ്യാപികയായ ശ്രീമതി ഷഹന ആസിഫയുടെ അപേക്ഷയും ഹൈക്കോടതിയിൽ നിന്നും ഇക്കാര്യത്തിലുള്ള നിർദ്ദേശവും ലഭിച്ചിരുന്നോ ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ചുള്ള 17757/E2/13/G.Edn. ഫയലിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സമാനമായ കേസിൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ ആർക്കെല്ലാമാണ് അംഗീകാരം നൽകിയിട്ടുള്ളത് ; ഒരേ വിഷയത്തിൽ ഒരാൾക്ക് കോടതിയുടെ നിർദ്ദേശപ്രകാരം അനുമതി നൽകുകയും മറ്റൊരാൾക്ക് കോടതി നിർദ്ദേശമുണ്ടായിട്ടും നൽകാതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത വിഷയത്തിൽ അന്തിമ തീരുമാനം അടിയന്തിരമായി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly